**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4348** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017 തീയതിയിലെ സ.ഉ.(പി)നം.3/2017/ ഉ.ഭ.പ.വ. ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റങ്ങൾക്ക് 26.08.2020 തീയതിയിലെ സ.ഉ.(സാധാ)നം.2723/2020/റവ , 30.07.2021 തീയതിയിലെ സ.ഉ.(സാധാ)നം.2485/2021/ റവ എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കമായി ചേർത്തിട്ടുണ്ട്.) |
| (ബി) | ഇല്ലെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- ജീവനക്കാര്യം- റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (സി) വകുപ്പ്

**സ.ഉ.(സാധാ) നം.2723/2020/റവ.** തീയതി,തിരുവനന്തപുരം, 26/08/2020

പരാമർശം:- 1 സ.ഉ.(പി).നം. 3/2017/ഉ.ഭ.പ.വ. തീയതി , 25.02.2017.

2 ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.07.18, 05.02.19, 30.10.19 തീയതികളിലെ LRE1-15700/2018 നം. കത്തുകൾ.

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും ശുപാർശ ചെയ്തുകൊണ്ട് സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ റവന്യൂ വകുപ്പിൽ സ്ഥലംമാറ്റമാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ലാൻഡ് റവന്യൂ വകുപ്പിലെ സംസ്ഥാനതല സ്ഥലംമാറ്റങ്ങൾ എല്ലാ വർഷവും മാർച്ച് 31 നകവും ജില്ലാതല സ്ഥലംമാറ്റങ്ങൾ ഏപ്രിൽ 30 നകവും പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

2. സ്ഥലംമാറ്റം ആവശ്യമുള്ള ജീവനക്കാർ എല്ലാ വർഷവും ജനുവരി 1 മുതൽ ജനുവരി 31 നകം ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ഓഫീസ് തലവൻ മുഖേന ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കേണ്ടതാണ്. (മാതൃക അനുബന്ധം : 1-ൽ കൊടുത്തിരിക്കുന്നു ).

3 . ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും, അന്തർജില്ലാ സ്ഥലംമാറ്റങ്ങൾക്കായുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസ് മേലധികാരി മുഖേന ലാൻഡ് റവന്യൂ കമ്മീഷണർക്കും സമർപ്പിക്കേണ്ടതാണ്.

4 . ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുകൾക്കനുസൃതമായി മുൻഗണനാ ക്രമത്തിൽ കരട് പട്ടിക തയ്യാറാക്കി നോട്ടീസ് ബോർഡ്, വെബ് സൈറ്റ് എന്നിവിടങ്ങളിൽ ഫെബ്രുവരി 28 നകം പ്രസിദ്ധീകരിക്കേണ്ടതാണ്.

5 . കരട് പട്ടികയിന്മേൽ ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ പതിനഞ്ചു ദിവസങ്ങൾക്കകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

6. ആക്ഷേപങ്ങൾ പരിശോധിച്ച് അവ തീർപ്പാക്കിയ ശേഷം മുൻഗണനാ പട്ടിക മാർച്ച് 31 നകം സ്ഥലംമാറ്റം നടത്തുന്ന അധികാര സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതും സ്ഥലംമാറ്റം മെയ് 1 മുതൽ നടപ്പിലാക്കുന്നതുമാണ്. അടുത്ത സ്ഥലംമാറ്റത്തിനുള്ള മുൻഗണനാ പട്ടിക നിലവിൽ വരുന്നതുവരെ എല്ലാ സ്ഥലംമാറ്റവും പ്രസ്തുത പട്ടികയിൽ നിന്ന് മാത്രം നടത്തുന്നതാണ്.

7. ജില്ലാതല നിയമന വ്യവസ്ഥകൾ പ്രകാരം ഒരു ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുകയും

തുടർന്ന് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്നവരുടേയും കാര്യത്തിൽ DRB ചട്ടങ്ങളും 2.1.1961 ലെ ജി.ഒ.(എം.എസ്.)നം. 4/61/പിഡി ഉത്തരവിലെ വ്യവസ്ഥകളും ബാധകമാകുന്നതും സീനിയോരിറ്റി പരിരക്ഷ നഷ്ടപ്പെടുന്നതുമായിരിക്കും. ആയതിനാൽ ജില്ലാടിസ്ഥാനത്തിലുള്ള നിയമനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർ കഴിവതും അതേ ജില്ലയിൽ തന്നെ ജോലി ചെയ്യേണ്ടതാണ്.

8. വിരമിക്കൽ മൂലമോ തസ്തിക രൂപീകരണം വഴിയോ എല്ലാ വർഷവും ജൂൺ മാസം മുതൽ തുടർന്ന് ഉണ്ടാകുന്ന ഒഴിവുകൾ ഖണ്ഡിക 6 പ്രകാരമുള്ള പട്ടികയിൽ നിന്നും സീനിയോരിറ്റി ക്രമത്തിൽ നികത്തിയ ശേഷം മാത്രമായിരിക്കും സ്ഥാനക്കയറ്റം മൂലം ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നത്.

9. തെരഞ്ഞെടുത്ത സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കാത്ത ജീവനക്കാരെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ അല്ലെങ്കിൽ മെയ് 31 വരെയോ സ്ഥലം മാറ്റാൻ പാടില്ല. എന്നാൽ അച്ചടക്ക നടപടി / വിജിലൻസ് അന്വേഷണം, അനുകമ്പാർഹമായ കാരണങ്ങൾ എന്നിവ മൂലം സ്ഥലംമാറ്റുന്നതിന് മൂന്ന് വർഷ കാലാവധി ബാധകമായിരിക്കുന്നതല്ല. എന്നാൽ അനുകമ്പാർഹമായ അപേക്ഷകൾ പരിഗണിക്കുമ്പോൾ ആവശ്യമെങ്കിൽ മെഡിക്കൽ ബോർഡിന്റെ സഹായം തേടാവുന്നതാണ്. (അനുകമ്പാർഹമായ കാരണങ്ങൾ അനുബന്ധം : 2 ആയി ചേർത്തിരിക്കുന്നു).

10. ഒരു സ്റ്റേഷനിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കി എന്ന കാരണത്താൽ ഒരാളെ സ്ഥലംമാറ്റേണ്ടതില്ല. മൂന്നു വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ / സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ലാത്തതും അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ജീവനക്കാരെ അതേ സ്റ്റേഷനുകളിലെ മറ്റ് ഓഫീസുകളിലേയ്ക്ക് നിർബന്ധമായും മാറ്റേണ്ടതാണ്. ഒരേ കാര്യാലയത്തിൽ അഞ്ച് വർഷം പൂർത്തിയായാൽ നിർബന്ധമായും ഓഫീസ് മാറ്റം നൽകേണ്ടതാണ്.

11. ഒഴിവ് ഇല്ലാത്ത കാരണത്താൽ സ്വന്തം ജില്ലയിൽ / ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരെ തിരികെ സ്ഥലംമാറ്റുന്നതിന് മൂന്നു വർഷം ഡ്യൂട്ടി/ സർവ്വീസ് ബാധകമാകുന്നതല്ല. എന്നാൽ അത്തരത്തിൽ സ്ഥലംമാറ്റം ലഭിച്ചവർക്ക് സ്ഥലംമാറ്റം ലഭിച്ച ജില്ലയിൽ ആറ് മാസം സേവനം പൂർത്തിയായാൽ മാത്രമേ അടുത്ത ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളൂ.

12. പൊതു താല്പര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ സ്ഥലംമാറ്റേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമുള്ള പക്ഷം പ്രസ്തുത ജീവനക്കാരനെ ഉടൻ തന്നെ സ്ഥലംമാറ്റാവുന്നതാണ്. പൊതുതാല്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലംമാറ്റം അനിവാര്യമാകുന്നു എന്നതാണ്.

13. ഒരാൾക്ക് അയാളുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം കിട്ടുമ്പോൾ അയാളുടെ ഒന്നാമത്തെയും രണ്ടാമത്തെയും ഓപ്ഷൻ റദ്ദാകാതെ തന്നെ അടുത്ത പൊതുസ്ഥലംമാറ്റ ഉത്തരവിനിടയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിലവിലുള്ള ഓപ്ഷൻ പരിഗണിച്ച് സ്ഥലംമാറ്റം നൽകേണ്ടതാണ്. എന്നാൽ രണ്ടാമത്തെയോ, മൂന്നാമത്തെയോ ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന വ്യക്തിയ്ക്ക് ടിയാന്റെ ഇഷ്ടാനുസരണം ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും. അപ്രകാരം റദ്ദ് ചെയ്താൽ അടുത്ത മൂന്നു വർഷം കഴിഞ്ഞു മാത്രമേ ടി സ്റ്റേഷനിൽ നിന്നുള്ള മാറ്റത്തിനായി പരിഗണിക്കപ്പെടുകയുള്ളൂ.

14. ഒഴിവുകളില്ലാത്ത കാരണത്താൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാൻ കഴിയാത്തതായ ജീവനക്കാർ സമർപ്പിച്ച ഓപ്ഷനുകൾ സ്റ്റേഷൻ സീനിയോരിറ്റിയുടെ ക്രമത്തിൽ ക്രമീകരിക്കേണ്ടതും രണ്ട് പൊതുസ്ഥലംമാറ്റങ്ങൾക്കിടയിലുണ്ടാകുന്നതായ ഒഴിവുകൾ (നിബന്ധനകൾക്ക് വിധേയമായി) ഈ ക്യൂവിൽ നിന്നും നികത്തേണ്ടതുമാണ്.

15. ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ സ്റ്റേഷൻ സീനിയറായ വ്യക്തിയെ ഒന്നാമതായി പരിഗണിക്കേണ്ടതാണ്. ജീവനക്കാരന്റെ /

ജീവനക്കാരിയുടെ ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം കിട്ടുന്നവർ അവിടെ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷക്കാലം ജോലി ചെയ്യേണ്ടതാണ്.

16. ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ചെയ്യപ്പെട്ടവർക്കും ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലംമാറ്റത്തിനുവേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദികളുമില്ലാത്തതായ ഓപ്പൺ വേക്കൻസിക്കെതിരെ മാത്രവും അത്തരം സ്ഥലംമാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലംമാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനും ആണ് പരിഗണിക്കേണ്ടത്.

17. ഡെപ്യൂട്ടേഷൻ കാലയളവ് (കേരള സർവ്വീസ് ചട്ടങ്ങളിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള ഫോറിൻ സർവ്വീസ് / പഠനാവശ്യത്തിനുള്ള അവധി എന്നിവ) സ്ഥലംമാറ്റത്തിനുവേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല.

18. പരസ്പരം മാറ്റത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

19. ജീവനക്കാരുടെ ബന്ധുക്കളോ ആശ്രിതരോ മറ്റാരെങ്കിലുമോ സമർപ്പിക്കുന്ന അപേക്ഷകൾ ഉടൻ തന്നെ നിരസിക്കേണ്ടതാണ്.

20. ഒരു പ്രത്യേക സ്റ്റേഷനിലേക്ക് വളരെ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ ജീവനക്കാരന്റെ / ജീവനക്കാരിയുടെ പരിഗണനയിലുള്ള അപേക്ഷയുടെ സമയത്തുള്ള സ്റ്റേഷനിലെ തുടർച്ചയായുള്ള ദൈർഘ്യം, സ്ഥലംമാറ്റത്തിനു വേണ്ടിയുള്ള മാനദണ്ഡമായിരിക്കുന്നതാണ്.

21. പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെയും 31/08/2007-ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) 391/2007/ഫിൻ -ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേയ്ക്ക് തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കേണ്ടതാണ്. അവർ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകേണ്ടതാണ്.

22. ഡെപ്യൂട്ടേഷൻ / ഫോറിൻ എംപ്ലോയ്മെന്റിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെ കഴിയുന്നതും അവരുടെ ലാവണം ക്രമീകരിച്ചിരിക്കുന്ന ജില്ലകളിൽ നിയമിക്കേണ്ടതും അപേക്ഷിക്കുന്ന പക്ഷം അടുത്ത പൊതുസ്ഥലം മാറ്റത്തിൽ ക്രമപ്രകാരം പരിഗണിക്കേണ്ടതുമാണ്. ലാവണം ക്രമീകരിച്ചിട്ടുള്ള ജില്ലയിൽ ഒഴിവില്ലാത്തപക്ഷം കഴിയുന്നിടത്തോളം അവരുടെ സൗകര്യാർത്ഥം നിയമനം നൽകേണ്ടതുമാണ്.

23. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അവരുടെ സ്വന്തം ജില്ലയിലോ അവർ സ്വയം തിരഞ്ഞെടുക്കുന്ന ജില്ലയിലോ നിയമിക്കേണ്ടതാണ്. ഒരേ കാര്യാലയത്തിൽ തുടർച്ചയായി മൂന്ന് വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള വി.എഫ്.എ. , ഒ.എ. തസ്തികയിൽ ഉൾപ്പെട്ടവരെ സ്റ്റേഷനകത്തുള്ള മറ്റ് കാര്യാലയങ്ങളിലേയ്ക്ക് നിർബന്ധമായും മാറ്റേണ്ടതാണ്.

24. ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട ജീവനക്കാരെ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് പഴയ തസ്തികയിലേയ്ക്ക് / അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനിലേയ്ക്ക് വീണ്ടും നിയമിക്കേണ്ടതാണ്.

25. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രമുള്ള ജീവനക്കാരെ, ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകികൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കേണ്ടതാണ്. ഇത്തരം കേസുകളിൽ ഒന്നിലധികം പേർ ഒരേ സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുമ്പോൾ സർവ്വീസിൽ സീനിയറായിട്ടുള്ള ഉദ്യോഗസ്ഥനാണ് മുൻഗണന നൽകേണ്ടത്.

26. ഒഴിവുകളിലേയ്ക്കുള്ള സ്ഥലംമാറ്റത്തിനും, നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പരിരക്ഷിക്കപ്പെട്ട / പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്തേണ്ടതാണ്. മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം അതാത്

കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20% ത്തിൽ അധികരിക്കാൻ പാടില്ല. പ്രഥമ ഗണനീയരോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങളുടെ പട്ടിക അനുബന്ധം-3 ആയി ചേർത്തിരിയ്ക്കുന്നു.

27. ഓപ്ഷൻ/ നിർബന്ധിതം/ അനുകമ്പാർഹം/ പൊതുതാല്പര്യാർത്ഥം മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ കാണിച്ചിരിക്കേണ്ടതാണ്.

28. ജില്ലാതല ഓഫീസർമാർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കും നിയമനങ്ങൾക്കും എതിരെയുള്ള അപ്പീലുകൾ ബന്ധപ്പെട്ട വകുപ്പുതലവൻ മുമ്പാകെയും വകുപ്പ തലവൻ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കും നിയമനങ്ങൾക്കും എതിരെയുള്ള അപ്പീലുകൾ സർക്കാരിലെ ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാർക്കും സമർപ്പിക്കാവുന്നതാണ്.

**സ്റ്റേഷൻ** : സ്റ്റേഷൻ എന്നത് തഹസിൽദാർ, സീനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ഒരു ജില്ലയും തഹസിൽദാർ / സീനിയർ സൂപ്രണ്ട് ഒഴികെയുള്ള തസ്തികകൾക്ക് താലൂക്ക് പരിധിയിൽ ഉൾപ്പെട്ട പ്രദേശവുമായി നിർവചിയ്ക്കുന്നു.

**മലയോര സ്റ്റേഷൻ** : KSR Vol I അപ്പൻഡിക്സ് IX ൽ പരാമർശിക്കുന്ന പ്രദേശങ്ങൾ എന്ന് അർത്ഥമാകുന്നു.

**വിദൂര സ്റ്റേഷൻ** : സ്റ്റേഷൻ ജില്ല ആയിട്ടുള്ള വി.ഒ./വി.എച്ച്.സി/ആർ.ഐ., ഡി.റ്റി., തഹസിൽദാർ എന്നീ തസ്തികകൾ ഒഴികെയുള്ള ജീവനക്കാരെ സംബന്ധിച്ച് വിദൂര സ്റ്റേഷൻ എന്ന പദം കൊണ്ട് അർത്ഥമാകുന്നത് ജീവനക്കാരന്റെ താമസസ്ഥലത്ത് നിന്നും ഏറ്റവും അകലത്തിലായി സ്ഥിതി ചെയ്യുന്ന താലൂക്ക് പരിധിയിൽ ഉൾപ്പെട്ട പ്രദേശമെന്നാണ്.

2. റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം മുകളിൽ പരാമർശിയ്ക്കപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-14) വകുപ്പ്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Signature Not Verified
Digitally signed by ABHILASH S
Date: 2020.08.26 15:08:13 IST
Reason: Approved
ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u>
ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ജീവനക്കാര്യം - റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (സി) വകുപ്പ്

സ.ഉ.(സാധാ) നം.2485/2021/റവ. തീയതി,തിരുവനന്തപുരം, 30/07/2021

പരാമർശം:-

1. സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ, തീയതി 25.02.2017
2. സ.ഉ (സാധാ) നം.2723/2020/റവന്യൂ തീയതി 26.08.2020
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.07.2021 തീയതിയിലെ എൽ.ആർ.ഇ 1-15700/ 2018 നം. കത്ത്
4. 07/07/2021 തീയതിയിലെ റവ-സി1/154/2021/റവ നമ്പർ പരിപത്രം.

ഉത്തരവ്

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് റവന്യൂ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളും വ്യവസ്ഥകളും നിർണ്ണയിച്ചുകൊണ്ട് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ്, പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു. പ്രസ്തുത ഭേദഗതികൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ വർഷത്തെ പൊതുസ്ഥലമാറ്റങ്ങൾ സംബന്ധിച്ച അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

1. ലാൻഡ് റവന്യൂ വകുപ്പിലെ സംസ്ഥാനതല സ്ഥലംമാറ്റങ്ങൾ എല്ലാ വർഷവും മാർച്ച് 31 നകവും ജില്ലാതല സ്ഥലംമാറ്റങ്ങൾ ഏപ്രിൽ 30 നകവും പൂർത്തീകരിച്ചിരിക്കേണ്ടതാണ്.
2. സ്ഥലം മാറ്റം ആവശ്യമുള്ള എല്ലാ ജീവനക്കാരും റവന്യൂ പോർട്ടലായ www.lrd.kerala.gov.in എന്ന വിലാസത്തിൽ തങ്ങളുടെ ഒഫിഷ്യൽ ലോഗിനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എല്ലാ വർഷവും ജനുവരി 31 വരെ ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്ത് അതുവരെ ലഭിച്ച അപേക്ഷകൾ ഉൾപ്പെടുത്തി കരട് മുൻഗണനാ പട്ടിക നോട്ടീസ് ബോർഡിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
3. ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്കുള്ള പൊതുസ്ഥലംമാറ്റ അപേക്ഷകൾ ലാൻഡ് റവന്യൂ കമ്മീഷണറുടെ ലോഗിനിൽ ലഭിക്കത്തക്ക വിധത്തിൽ സോഫ്റ്റ് വെയർ ക്രമീകരിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-3 ഭേദഗതി ചെയ്യുന്നു.
4. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർവ്വചിച്ചിട്ടുള്ള ഓരോ സ്റ്റേഷനും പ്രത്യേകം കരട് പട്ടിക തയ്യാറാക്കി നോട്ടീസ്

ബോർഡ്, വെബ്സൈറ്റ് എന്നിവിടങ്ങളിൽ ഫെബ്രുവരി 5 നകം പ്രസിദ്ധീകരിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-4 ഭേദഗതി ചെയ്യുന്നു.

5. കരട് പട്ടികയിൽ ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം അപേക്ഷകർക്ക് ഓൺലൈനായി അവരവരുടെ ലോഗിനിൽ കൂടി മാത്രം സമർപ്പിക്കുന്നതിന് സൗകര്യമൊരുക്കേണ്ടതാണ്.

6. ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയ ശേഷം അന്തിമ മുൻഗണനാ പട്ടിക സ്ഥലംമാറ്റം നടത്തുന്ന അധികാര സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡ് , വെബ് സൈറ്റ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-6 ഭേദഗതി ചെയ്യുന്നു.

7. ജില്ലാതല നിയമന വ്യവസ്ഥകൾ പ്രകാരം എൻട്രി കേഡറിൽ ഒരു ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുകയും ചെയ്യുന്ന ജീവനക്കാരുടെ കാര്യത്തിൽ DRB ചട്ടങ്ങളും 02.01.1961 ലെ ജി.ഒ.(എം.എസ്) നം.4/61/പിഡി ഉത്തരവിലെ വ്യവസ്ഥകളും ബാധകമാകുന്നതും സീനിയോരിറ്റി പരിരക്ഷ നഷ്ടപ്പെടുന്നതുമാണ്.

8. ജില്ലാതല നിയമന വ്യവസ്ഥകൾ പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർ മാതൃജില്ലയിൽ അഞ്ച് വർഷം സേവനം പൂർത്തീകരിച്ചതിന്ശേഷം മാത്രം അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹരാകുന്നതാണ്. അഞ്ച് വർഷം സേവനം പൂർത്തീകരിക്കാത്ത ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കേണ്ടതില്ല.

9. DRB ചട്ടങ്ങൾ പ്രകാരം നിയമിതരായ ജീവനക്കാർ അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുമ്പോൾ അവർ നിലവിൽ ഏത് തസ്തികയിലാണോ (കേഡർ )തുടർന്ന് വരുന്നത് പ്രസ്തുത കേഡറിൽ അപേക്ഷയിൽ ആവശ്യപ്പെടുന്ന ജില്ലയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 % ലേക്ക് മാത്രമായി അന്തർ ജില്ലാ സ്ഥലം മാറ്റങ്ങൾ നിജപ്പെടുത്തേണ്ടതാണ് .അപ്രകാരം പൊതു സ്ഥലംമാറ്റം അനുവദിക്കുമ്പോൾ നിലവിലുള്ള 10 ഒഴിവുകളിൽ 4 ഒഴിവുകൾ അനുകമ്പാർഹമായ വിഭാഗം, പ്രത്യേക മുൻഗണനാ വിഭാഗം, അന്തർജില്ലാ സ്ഥലംമാറ്റം, റിട്ടയർമെന്റ് മുൻഗണനാ വിഭാഗം എന്നിവർക്കായി മാറ്റിവയ്ക്കേണ്ടതാണ്. അതായത്, സ്ഥലംമാറ്റം അനുവദിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന എല്ലാ 10 ഒഴിവുകളിലേയും 1,2,3,6,8,9 എന്നീ ക്രമനമ്പറിലെ ഒഴിവുകൾ പൊതു വിഭാഗത്തിനും, ക്രമനമ്പർ.4 അനുകമ്പാർഹരായ വിഭാഗത്തിനും, ക്രമനമ്പർ.5 റിട്ടയർമെന്റ് വിഭാഗത്തിനും, ക്രമനമ്പർ. 7 പ്രത്യേക മുൻഗണനാ വിഭാഗത്തിനും, ക്രമനമ്പർ.10 അന്തർജില്ലാ സ്ഥലംമാറ്റത്തിനായും മാറ്റിവയ്ക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൽ നിന്നുള്ള അർഹരായ അപേക്ഷകർ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ പൊതു വിഭാഗത്തിൽ നിന്നും നികത്തേണ്ടതാണ്.

10. ഒരു ഓഫീസിൽ ഒരു സീറ്റിൽ 3 വർഷം പൂർത്തിയായ ജീവനക്കാരനെ നിർബന്ധമായും ആ ഓഫീസിലെ മറ്റൊരു സീറ്റിലേക്ക്/ സെക്ഷനിലേക്ക് മാറ്റി നിയമിക്കേണ്ടതാണ്. ആവശ്യമെങ്കിൽ, അതേ സ്റ്റേഷനിലെ മറ്റൊരു ഓഫീസിലേയ്ക്ക് മാറ്റി നിയമിക്കാവുന്നതുമാണ്. ഒരു ഓഫീസിൽ 5 വർഷം പൂർത്തിയായ ജീവനക്കാരനെ നിർബന്ധമായും അതേ സ്റ്റേഷനിലെ മറ്റൊരു ഓഫീസിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതാണ്. എന്നാൽ ടി ജീവനക്കാരന്റെ കേഡറിന് അനുയോജ്യമായ മറ്റൊരു ഓഫീസ് പ്രസ്തുത സ്റ്റേഷനിൽ ഇല്ലെങ്കിൽ ടി ജീവനക്കാരനെ കഴിവതും തൊട്ടടുത്തുള്ളതും, സൗകര്യപ്രദമായതുമായ മറ്റൊരു സ്റ്റേഷനിലേയ്ക്ക് മാറ്റി നിയമിക്കേണ്ടതാണ്.

ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-10 ഭേദഗതി ചെയ്യുന്നു.

11. ഒഴിവ് ഇല്ലാത്ത കാരണത്താൽ സ്ഥാനക്കയറ്റം മുഖേന ജില്ലയിൽ നിന്നും മാറ്റി നിയമിക്കപ്പെടുന്നതും, ഓൺലൈൻ സ്ഥലംമാറ്റത്തിലൂടെ ഒന്നാമത്തേത് ഒഴികെയുള്ള ഓപ്ഷനായി സ്വീകരിച്ച സ്റ്റേഷനുകളിൽ വന്ന ഒഴിവു മൂലം നിയമിക്കപ്പെടുന്നതുമായ ജീവനക്കാർക്കും ഒരു സ്റ്റേഷനിൽ മൂന്ന് വർഷം നിർബന്ധിത സേവനം ബാധകമല്ല. ഒഴിവില്ലാത്ത കാരണത്താൽ സ്ഥാനക്കയറ്റം മൂലം ജില്ലയിൽ നിന്നും മാറ്റിനിയമിക്കപ്പെടുന്ന ജീവനക്കാരന് പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് നിഷ്കർഷിച്ചിരുന്ന 6 മാസ സമയപരിധി ഒഴിവാക്കി പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-11 ഭേദഗതി ചെയ്യുന്നു.

12. അനുകമ്പാർഹമായ കാരണങ്ങളാൽ സമർപ്പിക്കപ്പെടുന്ന പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരാമർശം (2) ലെ അനുബന്ധം ഒന്ന് പ്രകാരം ചേർത്തിരിക്കുന്നവയിൽ ഒഴിച്ചു കൂടാനാവാത്തതാണെന്ന് ബന്ധപ്പെട്ട ഓഫീസ് മേധാവിയും ജില്ലാ കളക്ടറും സാക്ഷ്യപ്പെടുത്തേണ്ടതും ആവശ്യമെങ്കിൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സർട്ടിഫൈഡ് മെഡിക്കൽ പ്രാക്ടീഷണറുടെ സഹായം തേടാവുന്നതുമാണ്. ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ ആയും തുടർന്ന് അസ്സൽരേഖകൾ മേലധികാരി മുഖേനയും സമർപ്പിക്കേണ്ടതാണ്. അനുകമ്പാർഹമായ കാരണങ്ങൾ പരാമർശം (2) ഉത്തരവിലെ അനുബന്ധം രണ്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. ലഭിക്കുന്ന അപേക്ഷകൾ ലാൻഡ് റവന്യൂ കമ്മീഷണർ , ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ആർഇ) എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് മുൻഗണനാ പട്ടിക (ഗ്രഡേഷൻ ലിസ്റ്റ്) തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും ടി ലിസ്റ്റിൽ നിന്നും അതിനായി നീക്കി വെച്ച ഒഴിവുകളിലേക്ക് ക്രമപ്രകാരം സ്ഥലംമാറ്റം നൽകേണ്ടതുമാണ്. തെറ്റായ സാക്ഷ്യപത്രങ്ങൾ സമർപ്പിച്ച് അവകാശവാദങ്ങൾ ഉന്നയിച്ചുവെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ഒരു ജീവനക്കാരൻ തിരഞ്ഞെടുത്ത ഏതെങ്കിലും ഒരു ഓപ്ഷനിൽ സ്ഥലംമാറ്റം ലഭിക്കുകയും ആയത് ജീവനക്കാരന് സൗകര്യപ്രദമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ടിയാന് ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഒഴിവുകളില്ലാത്ത കാരണത്താൽ പരിഗണിക്കാതിരുന്ന എല്ലാ അപേക്ഷകർക്കും അടുത്ത പൊതു സ്ഥലം മാറ്റത്തിന് അപേക്ഷ നൽകുന്നതിന് അവസരമുണ്ടായിരിക്കുന്നതും ഒന്നാം ഓപ്ഷൻ പ്രകാരമുള്ള സ്റ്റേഷൻ സീനിയോരിറ്റിയുടെ പരിരക്ഷ നഷ്ടപ്പെടാത്തതുമാകുന്നു. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-13 ഭേദഗതി ചെയ്യുന്നു.

14. ഒരേ സീറ്റിൽ 3 വർഷമായവരുടെ സീറ്റ് മാറ്റം ഓഫീസ് മേലധികാരിയും, 5 വർഷം ഒരേ ഓഫീസിൽ പൂർത്തിയായവരുടെ ഓഫീസ് മാറ്റം ബന്ധപ്പെട്ട ജില്ലാകലക്ടറും സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അടിസ്ഥാനമാക്കി നടത്തേണ്ടതാണ്. ആസ്ഥാന കാര്യാലയം ഉൾപ്പെടുന്ന താലൂക്കിലെ 5 വർഷം ഒരേ ഓഫീസിൽ പൂർത്തിയായവരുടെ ഓഫീസ് മാറ്റത്തിന്റെ ലിസ്റ്റ് ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് നൽകിയ ശേഷം ജില്ലാകലക്ടർ നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണ്. തുടർന്ന് റവന്യൂ വകുപ്പിലെ ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേക്കുള്ള സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച ഉത്തരവ് അന്തിമമുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പുറപ്പെടുവിക്കേണ്ടതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരൻ ബന്ധപ്പെട്ട ജില്ലാ കലക്ടർ മുമ്പാകെ

ഹാജരാകേണ്ടതും ജില്ലാകലക്ടർ ടിയാൾക്ക് സ്ഥലംമാറ്റം ലഭിച്ച സ്റ്റേഷനിൽ അനുയോജ്യമായ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

ലാൻഡ് റവന്യൂ കമ്മീഷണറുടെ അധികാരപരിധിയിൽ വരുന്ന ഹെഡ് ക്വാർട്ടേഴ്സുകളിലെ തസ്തികകളായി കണക്കാക്കിയിട്ടുള്ള ലാൻഡ് ബോർഡ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ഡയറക്ടറേറ്റ് ഓഫ് സർവ്വെ ആന്റ് ലാൻഡ് റെക്കോർഡ്സ്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ, ലാൻഡ് കൺസർവൻസി യൂണിറ്റ് (തിരുവിതാംകൂർ ദേവസ്വം ബോർഡ്), വനമേഖലയിലെ സ്വകാര്യ തോട്ടം ഏറ്റെടുക്കൽ യൂണിറ്റ് എന്നീ ഓഫീസുകളിലെ സ്പെഷ്യൽ തഹസീൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികകളും 14 ജില്ലാ കളക്ടറേറ്റുകളിലേയും ഹുസ്സൂർ ശിരസ്തദാർമാരുടെ നിയമനം എന്നിവ ലാൻഡ് റവന്യൂ കമ്മീഷണറുടെ അധികാര പരിധിയിൽ നിജപ്പെടുത്തിക്കൊണ്ടും ജില്ലകളിലെ മറ്റ് സ്പെഷ്യൽ തഹസീൽദാർ/ സീനിയർ സൂപ്രണ്ട് തസ്തികകളിലെ നിയമനം അതാത് ജില്ലാ കളക്ടർമാർക്ക് നൽകികൊണ്ടും പരാമർശം (4) പരിപത്രം പ്രകാരം അനുമതിനൽകിയത് നിർവഹിക്കേണ്ടതാണ്. പരാമർശം (4) പരിപത്രം ഈ ഉത്തരവിന്റെ ഭാഗമാക്കി ഭേദഗതി ചെയ്യുന്നു.

15. ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ നൽകുമ്പോൾ നിർബന്ധിതമായി സ്ഥലംമാറ്റപ്പെട്ടവർ/ സ്ഥാനക്കയറ്റം മൂലം ജില്ലയ്ക്ക് പുറത്ത് നിയമിക്കപ്പെട്ടവർ, കേഡർ സീനിയോരിറ്റി, സ്റ്റേഷൻ സീനിയോരിറ്റി, പ്രമോഷൻ ഉത്തരവിലെ ക്രമനമ്പർ എന്നീ ക്രമത്തിൽ മുൻഗണന നിശ്ചയിക്കേണ്ടതാണ്. സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കുമ്പോൾ സോഫ്റ്റ് വെയറിലെ കാൽക്കുലേഷന് വേണ്ടി ഒരു കേഡറിൽ ജില്ലയിലെ തുടർച്ചയായ സേവനമാണ് കണക്കാക്കേണ്ടത്. ജീവനക്കാരൻ/ ജീവനക്കാരിയുടെ ഒന്നാം ഓപ്ഷൻ പ്രകാരം സ്ഥലംമാറ്റം കിട്ടുന്നവർ അവിടെ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷക്കാലം സേവനമനുഷ്ഠിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-15 ഭേദഗതി ചെയ്യുന്നു.

16. പ്രസവാവധി കഴിഞ്ഞ് മടങ്ങിവരുന്ന ജീവനക്കാരെയും 31/08/2007 ലെ സ.ഉ(പി).391/2007/ഫിൻ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിയ്ക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാർ സർവ്വീസിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേയ്ക്ക് ഓൺലൈനിലല്ലാതെയുള്ള ഉത്തരവിലൂടെ നിയമിക്കേണ്ടതാണ്. തുടർന്നുള്ള ഓൺലൈൻ/ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷിക്കുകയാണെങ്കിൽ അവർ ആവശ്യപ്പെടുന്ന സ്റ്റേഷനിലേയ്ക്ക് തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ പൊതു വിഭാഗത്തിൽ ഒന്നാമതായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-21 ഭേദഗതി ചെയ്യുന്നു.

17. ഡെപ്യൂട്ടേഷൻ / ഫോറിൻ എംപ്ലോയ്മെന്റിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെ കഴിവതും അവരുടെ ലാവണം ക്രമീകരിച്ചിരിക്കുന്ന ജില്ലയിൽ നിയമിക്കേണ്ടതും ജില്ലയിൽ ഒഴിവില്ലാത്തപക്ഷം കഴിവതും അവരുടെ സൗകര്യാർത്ഥം നിയമനം നൽകേണ്ടതുമാണ്. അപേക്ഷിക്കുന്ന പക്ഷം അടുത്ത പൊതു സ്ഥലം മാറ്റത്തിൽ മേൽ ഖണ്ഡിക 15 പ്രകാരം പരിഗണിക്കേണ്ടതാണ്.

18. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അവരുടെ സ്വന്തം ജില്ലയിലോ (DRB) അവർ സ്വയം തിരഞ്ഞെടുക്കുന്ന ജില്ലയിലോ (Home Station) നിയമിക്കേണ്ടതാണ്. ഒരേ വില്ലേജിൽ തുടർച്ചയായ മൂന്ന് വർഷം പൂർത്തിയാക്കിയ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാരെ സ്റ്റേഷനകത്തുള്ള മറ്റ് വില്ലേജുകളിലേയ്ക്ക് നിർബന്ധമായും മാറ്റേണ്ടതാണ്.

19. ട്രെയിനിംഗിന് നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരെ അവർ ജോലി ചെയ്തിരുന്ന സ്റ്റേഷനിലേക്ക് തിരികെ നിയമിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-24 ഭേദഗതി ചെയ്യുന്നു

20. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാരെ ആദ്യം വിരമിക്കേണ്ടവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനിലേയ്ക്ക് സീനിയോരിറ്റി പരിഗണിച്ച് പ്രസ്തുത സ്റ്റേഷനിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് മുൻഗണനാ പട്ടിക പ്രകാരം നിയമിക്കേണ്ടതാണ്. ഒന്നിലധികം പേർ അപ്രകാരം അപേക്ഷിക്കുകയാണെങ്കിൽ ആദ്യം വിരമിക്കുന്ന ജീവനക്കാരന് അർഹമായ ഒഴിവിലേക്ക് ആദ്യം സ്ഥലംമാറ്റം നൽകേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-25 ഭേദഗതി ചെയ്യുന്നു.

21. ഓപ്ഷൻ/ നിർബന്ധിതം/ അനുകമ്പാർഹം/ പൊതു താത്പര്യാർത്ഥം/ ഭരണസൗകര്യാർത്ഥം/ പ്രത്യേകമുൻഗണനാ വിഭാഗം/ ഏത് ജില്ലയിൽ നിന്ന് പ്രൊമോഷൻ ലഭിച്ചാണോ പോയത് തിരികെ ആ ജില്ലയിലെ സ്റ്റേഷനിലേയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർ/ വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ളവർ എന്നിവ സ്ഥലംമാറ്റഉത്തരവിൽ റിമാർക്സ് ആയി കാണിക്കേണ്ടതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-27 ഭേദഗതി ചെയ്യുന്നു.

22. ജില്ലാ കളക്ടർ നടത്തുന്ന സ്ഥലം മാറ്റങ്ങൾക്കും നിയമനങ്ങൾക്കും എതിരെയുള്ള അപ്പീലുകൾ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെയും , ലാൻഡ് റവന്യൂ കമ്മീഷണർ നടത്തുന്ന നിയമനങ്ങൾക്കും സ്ഥലം മാറ്റങ്ങൾക്കും എതിരെയുള്ള അപ്പീലുകൾ റവന്യൂ സെക്രട്ടറിയ്ക്കും സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം പരാമർശം (2) ഉത്തരവിലെ ഖണ്ഡിക-28 ഭേദഗതി ചെയ്യുന്നു.

23. യുഡി ടൈപ്പിസ്റ്റ്, സീനിയർഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ തസ്തികകളിലേക്കുള്ള സ്ഥലംമാറ്റങ്ങൾ ജില്ലാ തലത്തിലുള്ള കേഡർ സ്ട്രെംഗ്തിന് അനുസൃതമായിട്ടുള്ള തസ്തികകളിലെ ഒഴിവുകളിലേക്കാണ് നടത്തേണ്ടത്.

24. യുഡി ടൈപ്പിസ്റ്റ് , സീനിയർഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സിഎ സെലക്ഷൻ ഗ്രേഡ്, സിഎ സീനിയർഗ്രേഡ്, സിഎ ഗ്രേഡ് 1, ഡ്രൈവർ സീനിയർഗ്രേഡ്, ഡ്രൈവർ ഗ്രേഡ് 1 എന്നീ തസ്തികളിൽ റേഷ്യോ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ ശൂന്യാവേതനാവധിയുടെ കാലയളവ് ഒഴികെയുള്ള ഡ്യൂട്ടി കാലയളവാണ് കേഡർസീനിയോറിറ്റിയ്ക്ക് പരിഗണിക്കേണ്ടത്.

25. തസ്തികകൾ എണ്ണത്തിൽ കുറവായ ഡഫേദാർ, സാർജന്റ്, ഇലക്ട്രീഷ്യൻ, ലിഫ്റ്റ് ഓപ്പറേറ്റർ, ഗാർഡ്നർ, ബോട്ട് സ്രാങ്ക്, ബൈൻഡർ, ട്രേസർ, ലാസ്കർ, ഡെക് മാൻ, ബ്ലൂപ്രിന്റർ, ചൗക്കിദാർ, പമ്പ് ഓപ്പറേറ്റർ തുടങ്ങിയ തസ്തികകൾ നിർബന്ധിത/ ഓൺലൈൻ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കുന്നു.

26. സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർ നിയമിക്കപ്പെട്ട സ്റ്റേഷനിൽ ജോയിൻ ചെയ്യുന്നത് 30 ദിവസത്തിനകമാണെങ്കിൽ സ്ഥലംമാറ്റ ഉത്തരവിന്റെ തീയതി മുതൽ നിയമിക്കപ്പെട്ട സ്റ്റേഷനിലെ സീനിയോരിറ്റി കണക്കാക്കുന്നതാണ്. മുൻകൂർ അനുമതി വാങ്ങാതെ 30 ദിവസത്തിന് ശേഷമാണ് ജോയിൻ ചെയ്യുന്നത് എങ്കിൽ ടി ജീവനക്കാരൻ ജോയിൻ ചെയ്യുന്ന തീയതി മുതൽ ആയിരിക്കും

സീനിയോരിറ്റി കണക്കാക്കുക.

മേൽ ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-14) വകുപ്പ്.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Signed by Abhilash.s.
Date: 30-07-2021 12:01:28
Reason: Approved
സെക്ഷൻ ഓഫീസർ